LIBRARY ARCHIVES Kerala Legislative Assembly

ഓപ്പൺ സ്കൂളുകളിലെ സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം

61 [2279] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ നടന്നിട്ടുള്ള സാമ്പത്തിക ക്രമക്കേടുകളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ആരാണ് അന്വേഷണം നടത്തിയത്; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; അന്വേഷണത്തിൽ ആരെയൊക്കെയാണ് കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളത്; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഓപ്പൺ സ്കൂളിലെ സാമ്പത്തിക ക്രമക്കേടുകൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സർക്കാർ ധനകാര്യ (ഇൻസ്പെക്ഷൻ) വകുപ്പ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പ്രകാരം താഴെ പറയുന്ന ജീവനക്കാരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ട്.

1. ശ്രീ. ബദറുദ്ദീൻ റാവുത്തർ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർ.
2. ശ്രീമതി രേണുക, കെ. പി., അക്കാഡമിക് അസോസിയേറ്റ്.
3. ശ്രീമതി രോഷ്നി പി. മത്തായി, കോഴ്സ് കോ-ഓർഡിനേറ്റർ.

റിപ്പോർട്ട് പ്രകാരമുള്ള കണക്കുകളുടെ തീർപ്പ് കൽപ്പിക്കുന്നതിനും, ബാക്കി തുക തിരിച്ച് പിടിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. അന്വേഷണ റിപ്പോർട്ട് പരസ്യപ്പെടുത്താൻ അനുവാദമില്ല.

(സി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ ശുപാർശ പ്രകാരം അധിക തുക കൈപ്പറ്റിയത് ക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ടവരുടെ പേരിൽ നോട്ടീസ് നൽകി നടപടികൾ സ്വീകരിച്ചുവരുന്നു.